**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2195** **12-02-2024 - ൽ മറുപടിയ്ക്ക്**

**എം.എസ്.പി. ബറ്റാലിയൻ സിവിൽ പോലീസ് ഓഫീസർ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് 17-04-2023-ൽ നിലവിൽ വന്ന എം.എസ്.പി. ബറ്റാലിയൻ സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ (കാറ്റഗറി നമ്പർ 530/2019) റാങ്ക് പട്ടികയിൽ നിന്നും എത്രപേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട് എന്നറിയിക്കാമോ; | (എ) | 17.04.2023-ൽ നിലവിൽ വന്ന എം.എസ്.പി. ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ (കാറ്റഗറി നമ്പർ 530/2019) റാങ്ക് പട്ടികയിൽ നിന്നും 532 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് എന്ന് അറിയിക്കാമോ; | (ബി) | എം.എസ്.പി. ബറ്റാലിയനിൽ നിന്നും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാറ്റി വച്ചിട്ടുള്ള ഒഴിവുകൾ അടക്കം 666 ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രതീക്ഷിത ഒഴിവുകൾ കൂടി റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ നിലവിൽ ഒഴിവുകൾ ഒന്നും തന്നെയില്ല. റിപ്പോർട്ട് ചെയ്യപ്പെട്ട ഒരു ഒഴിവിൽ നിയമന ശിപാർശ അവശേഷിക്കുന്നു. |
| (സി) | പ്രസ്തുത തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (സി) | ഉണ്ട്. എം.എസ്.പി. ബറ്റാലിയന് വേണ്ടി 189 പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | കെ.എ.പി. 6 ബറ്റാലിയനിലേക്കുള്ള നിയമനങ്ങളും പ്രസ്തുത റാങ്ക് പട്ടികയിൽ നിന്നും നികത്താമോ എന്ന് പരിശോധിക്കാമോ? | (ഡി) | കെ.എ.പി ആറാം ബറ്റാലിയനിലെ ഒഴിവുകൾ കണക്കാക്കി ഉൾപ്പെടുത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ